2078
4/9/18

കേരള സർക്കാർ

<u>സംഗ്രഹം</u>

കോതമംഗലം ഡിവിഷൻ - കാളിയാർ റെയിഞ്ച് - മുണ്ടൻമുടി അച്ചൻകവലയ്ക്ക് സമീപം കൈവശ സ്ഥലത്തുനിന്നും 60"വണ്ണമുള്ള ഈട്ടി മരങ്ങൾ വെട്ടി കടത്തിയത് - ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.372/2018/വനം തീയതി, തിരുവനന്തപുരം, 08/08/2018

പരാമർശം:- (1) 29.09.2011 ലെ 5871/എ1/2011/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

(2) 20.01.2012 തീയതിയായി ശ്രീ.ബി.സജീഷ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, 11.01.2012 തീയതിയായി ശ്രീ.പി.രവികുമാർ, ഫോറസ്റ്റർ, 17.02.2012 തീയതിയായി ശ്രീ.ജിൻസ്.എം.ജോൺ, ഫോറസ്റ്റ് ഗാർഡ്, 28.03.2012 തീയതിയായി ശ്രീ.ആർ.ബിനോജ്, ഫോറസ്റ്റർ, 05.02.2012 തീയതിയായി ശ്രീ.പി.കെ.അനീഷ് കുമാർ, ഫോറസ്റ്റ് ഗാർഡ് എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

(3) 06.09.2013 ലെ സ.ഉ.(സാധാ)നം.335/2013/വനം

(4) 27.03.2014-ലെ സ.ഉ.(സാധാ)നം.151/2014/വനം

(5) 16.10.2015 ലെ സ.ഉ.(സാധാ)നം.465/2015/വനം

(6) 29.10.2015 ലെ 16390/എ1/2014/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്

(7) 21.01.2016 തീയതിയായി ശ്രീ.ആർ.ബിനോജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, 01.03.2016 തീയതിയായി ശ്രീ.ജിൻസ്.എം. ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, 11.03.2016 തീയതിയായി ശ്രീ.പി.കെ.അനീഷ് കുമാർ എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ

(8) 01.01.2017ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം) ന്റെ ബി3-27792/2009 നമ്പർ കത്ത്

(9) 12.06.2018-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ എ1 (2) 2072/2017/GW നമ്പർ കത്ത്

<u>ഉത്തരവ്</u>

കോതമംഗലം ഡിവിഷനിലെ കാളിയാർ റെയിഞ്ചിലെ മുണ്ടൻമുടി അച്ചൻ

കവലയ്ക്ക് സമീപം കൈവശസ്ഥലത്തു നിന്നും 60" വണ്ണമുള്ള ഈട്ടി മരങ്ങൾ വെട്ടി കടത്തിയതുമായി ബന്ധപ്പെട്ട് സർവ്വശ്രീ.ബി.സജീഷ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.രവികമാർ, ഫോറസ്റ്റർ, ഫോറസ്റ്റ് ഗാർഡുമാരായ സർവ്വശ്രീ.ജിൻസ് എം.ജോൺ, പി.കെ.അനീഷ് കുമാർ, ആർ.ബിനോജ് എന്നിവർക്ക് താഴെ പറയുന്ന ചാർജ്ജുകൾക്ക് സർക്കാർ തലത്തിൽ പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

(i) കാളിയാർ റെയിഞ്ചിലെ നെട്ടുവക്കാട് ഫോറസ്റ്റ് സെക്ഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ 24/09, 25/09, 26/09 എന്നീ കേസുകളിൽപ്പെട്ട രണ്ട് ഈട്ടി മരങ്ങളും ഒരു വേങ്ങ മരവും അനധികൃതമായി നീക്കം ചെയ്ത കുറ്റകൃത്യം യഥാസമയം കണ്ടെത്തി നടപടിയെടുക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തി.

(ii) സർക്കാർ ഭൂമിയിൽ നിന്നും അനധികൃതമായി മുറിച്ച് കടത്തിയ 710 x 110 സെ.മീ അളവിലുള്ള ഈട്ടി, 20 x 177 സെ.മീ അളവിലുള്ള കുറ്റി വണ്ണത്തിൽ നിന്നും നഷ്ടപ്പെട്ട ഈട്ടി, 135 x 245 സെ.മീ. അളവിലുള്ള കറവേങ്ങ എന്നിവ നീക്കം ചെയ്യാനുപയോഗിച്ച ആയുധങ്ങളും തൊണ്ടിയും, പ്രതികളെയും കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു.

(iii) ഒരു മാസം മുതൽ ആറ് മാസം വരെ പഴക്കമുള്ള ടി കേസ്സ് അന്വേഷിച്ച് പ്രതികളെ കണ്ടെത്തുന്നതിനോ, നഷ്ടപ്പെട്ട തൊണ്ടി കണ്ടെത്തുന്നതിനോ യാതൊരു വിധ ശ്രമവും നടത്തിയില്ല.

(iv) സർക്കാർ ജോലിയിൽ തികഞ്ഞ അനാസ്ഥയും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും വരുത്തി.

(v) മേൽ പ്രവൃത്തികൾ മൂലം സർക്കാരിലേയ്ക്ക് 92,700/- രൂപയുടെ നഷ്ടം വരുത്തിവച്ചു.

2) തൊണ്ടി തടികൾ കണ്ടെടുക്കുന്നതിനും അന്വേഷണം ശരിയായി നടത്തി മറ്റ് തെളിവുകൾ ശേഖരിച്ച് കേസ് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും ആരോപണ വിധേയരായ ജീവനക്കാർ വീഴ്ച വരുത്തിയിട്ടുണ്ടെന്നും ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകളെല്ലാം നിലനിൽക്കുന്നതാണെന്നും കുറ്റാരോപിതർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകൾ തൃപ്തികരമല്ലായെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായപ്പെട്ടതിനെ തുടർന്ന് ഈ വിഷയത്തിൽ പരാമർശം (3), (4) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

3) ഔപചാരികാന്വേഷണത്തിൽ സർവ്വശ്രീ.ബി.സജീഷ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി. രവികുമാർ, ഡെപ്യൂട്ടി റെയിഞ്ചർ എന്നിവർ ചുമതല വിടുന്നതുവരെ കേസന്വേഷണം ഊർജ്ജിതമായി നടത്തിയിട്ടുള്ളതായും ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകളൊന്നും തെളിഞ്ഞില്ലായെന്നും കണ്ടെത്തി. ഫോറസ്റ്റ് ഗാർഡുകളായ സർവ്വശ്രീ.പി.കെ.അനീഷ് കുമാർ, ജിൻസ് എം. ജോൺ എന്നിവർക്കെതിരെയുള്ള ഒന്നും നാലും ചാർജ്ജുകൾ പൂർണ്ണമായും ശ്രീ.ആർ.ബിനോജിനെതിരെയുള്ള ഒന്നും നാലും ചാർജ്ജുകൾ ഭാഗികമായും തെളിഞ്ഞതായും കണ്ടെത്തി.

4) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളോട് യോജിച്ചതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചു. സർക്കാർ അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. സർവ്വശ്രീ. ബി.സജീഷ് കുമാർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, പി.രവികുമാർ, ഫോറസ്റ്റർ എന്നിവർക്കെതിരെയുള്ള കുറ്റങ്ങളൊന്നും ഔപചാരികാന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാന്മാർക്കെതിരെയുള്ള ചാർജ്ജുകളിൽ നിന്നും ടിയാന്മാരെ കുറ്റവിമുക്തരാക്കി പരാമർശം (5) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

5) തുടർന്ന് ഈ വിഷയത്തിൽ മഹസ്സറുകൾ പ്രകാരമുള്ള ആകെ നഷ്ടമായ 92,700/- രൂപയിൽ, കണ്ടെടുത്ത തൊണ്ടിത്തടിയുടെ വിലയായ 56,000/- രൂപ കുറച്ച് ബാക്കി തുകയായ 36,700/- രൂപ കുറ്റാരോപിതരിൽ നിന്നും തുല്യമായി ഈടാക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്യുകയും പ്രസ്തുത റിപ്പോർട്ടും അന്വേഷണത്തിലെ കണ്ടെത്തലുകളും അംഗീകരിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.പി.കെ.അനീഷ് കുമാർ, ജീൻസ് എം ജോൺ എന്നിവരിൽ നിന്നും 12,234/- രൂപ വീതം ഈടാക്കാനും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (VA) പ്രകാരം ടിയാന്മാരുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫല പ്രാബല്യത്തോടെ തടയാനും ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ.ആർ.ബിനോജിൽ നിന്നും 12,234/- രൂപ ഈടാക്കാനും 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (iii)പ്രകാരം ടിയാന്റെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയാനും തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

6 ) പ്രസ്തുത നോട്ടീസിന് ടിയാന്മാർ പരാമർശം (7) പ്രകാരം സമർപ്പിച്ച വിശദീകരണങ്ങളും അതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (ഭരണം) ന്റെ പരാമർശം (8) ലെ അഭിപ്രായവും പരിശോധിക്കുകയും കാരണം കാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയ ശിക്ഷ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ച് സർക്കാർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയും ചെയ്തു. കമ്മീഷൻ സർക്കാരിന്റെ തീരുമാനത്തോട് യോജിച്ചതായി പരാമർശം (9) പ്രകാരം അറിയിച്ചു.

7) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.പി.കെ.അനീഷ് കുമാർ, ജീൻസ് എം. ജോൺ എന്നിവരിൽ നിന്നും 12,234/- രൂപ (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിനാല് രൂപ) വീതം ഈടാക്കുന്നതിനും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (VA) പ്രകാരം ടിയാന്മാരുടെ രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫല പ്രാബല്യത്തോടെ തടയുന്നതിനും, സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ.ആർ.ബിനോജിൽ നിന്നും 12,234/- രൂപ (പന്ത്രണ്ടായിരത്തി ഇരുന്നൂറ്റി മുപ്പത്തിനാല് രൂപ) ഈടാക്കുന്നതിനും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 11 (iii)പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ്

സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിനും തീരുമാനിച്ച് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.കെ.അനീഷ് കുമാർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

ശ്രീ.ജിൻസ്.എം.ജോൺ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ

ശ്രീ.ആർ.ബിനോജ്, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ